**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2300** **09-02-2023 - ൽ മറുപടിയ്ക്ക്**

**വിവിധ ക്ഷേമ പെൻഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതൊക്കെ രീതിയിലുള്ള ക്ഷേമ പെൻഷനുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (എ) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിങ്ങനെ അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷനുകൾ, തനത് ഫണ്ട് ഉപയോഗിച്ച് നൽകുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ, സാംസ്കാരിക വകുപ്പ് മുഖേന നൽകുന്ന കലാകാര പെൻഷൻ, അവശ കലാകാര പെൻഷൻ, കായിക യുവജന ക്ഷേമ വകുപ്പ മുഖേന നൽകുന്ന സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ മുഖേന നൽകുന്ന വിശ്വകർമ്മ പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേന വിതരണം ചെയ്യുന്ന മരംകയറ്റത്തൊഴിലാളി പെൻഷൻ എന്നിവയാണ് നിലവിൽ സംസ്ഥാന സർക്കാർ നൽകുന്ന ക്ഷേമ പെൻഷനുകൾ. |
| (ബി) | ഇതിൽ ഏതെല്ലാം ക്ഷേമ പെൻഷനുകൾക്കാണ് നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുള്ളതെന്ന് വിശദാംശം നൽകുമോ; | (ബി) | നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. |
| (സി) | വിവിധ ക്ഷേമ പെൻഷനുകൾക്ക് നൽകി വരുന്ന തുക വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ